പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1715 — 17.06.2013 ൽ മറുപടിയ്ക്ക്

## നദീജല തർക്കങ്ങൾ പരിഹരിക്കുന്നതിനായി നടത്തിയ ചർച്ചകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ഇ.പി.ജയരാജൻ | | ശ്രീ.ഉമ്മൻചാണ്ടി<br>ബഹു.മുഖ്യമന്ത്രി |
| (എ) കേരളവും അയൽസംസ്ഥാനങ്ങളും തമ്മിലുള്ള നദീജല തർക്കങ്ങൾ പരിഹരിക്കുന്നതിനായി ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം തർക്കത്തിൽ കക്ഷികളായിട്ടുള്ള സംസ്ഥാനങ്ങളുമായി നടത്തിയ ചർച്ചകളെ സംബന്ധിച്ചും കത്തിടപാടുകളെ സംബന്ധിച്ചും ഉള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ)<br>&<br>(ബി) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളവുമായി അന്തർ സംസ്ഥാന നദീജല കരാറിൽ ഏർപ്പെട്ടിട്ടുള്ള തമിഴ്നാടുമായി നടപ്പു ജലവർഷത്തിൽ കേരളത്തിന് ലഭിക്കേണ്ട ജലം ലഭ്യമാക്കണമെന്ന് ജലവിഭവ സെക്രട്ടറി തലത്തിൽ 06.12.2012, 02.01.2013, 30.01.13 എന്നീ തീയതികളിലും ജലവിഭവ മന്ത്രി തലത്തിൽ 10.12.2012, 14.12.12 എന്നീ തീയതികളിലും മുഖ്യമന്ത്രി തലത്തിൽ 28.12.2012, 30.01.2013, 23.02.13, 26.03.13 എന്നീ തീയതികളിലും തമിഴ്നാട് സർക്കാരിനോട് ആവശ്യപ്പെട്ടു. കൂടാതെ കേരളത്തിന് ലഭിക്കേണ്ട ജലം വിട്ടുകിട്ടുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യാൻ ജോയിന്റ് വാട്ടർ റെഗുലേഷൻ ബോർഡിന്റെ ഒരു അസാധാരണ യോഗം ചേരണമെന്ന് കേരളം ആവശ്യപ്പെടുകയും ചെയ്തു. കേരളത്തിന്റെ ശക്തമായ സമ്മർദ്ദത്തെ തുടർന്ന് 26-12-2012-ൽ ജോയിന്റ് വാട്ടർ റെഗുലേഷൻ ബോർഡിന്റെ അസാധാരണ യോഗം പൊള്ളാച്ചിയിൽ ചേരുകയും 27.12.2012 മുതൽ 31.01.2013 വരെ 1.2TMC ജലം വിട്ടുനൽകാൻ തമിഴ്നാട് സമ്മതിക്കുകയും ചെയ്തു. |

| | | |
|---|---|---|
| (ബി) ഇതര സംസ്ഥാനങ്ങളുമായി ഈ കാലയളവിൽ എത്ര ചർച്ചകൾ നടന്നുവെന്നും ഓരോ ചർച്ചകളും എവിടെ വച്ചാണു നടന്നതെന്നും കേരളത്തെ പ്രതിനിധീകരിച്ചും മറ്റു സംസ്ഥാനങ്ങളെ പ്രതിനിധീകരിച്ചും പ്രസ്തുത ചർച്ചകളിൽ പങ്കെടുത്തവർ ആരെല്ലാമെന്നും വ്യക്തമാക്കുമോ; | | കേരളം ആവശ്യപ്പെട്ട പ്രകാരം പറമ്പിക്കുളം-ആളിയാർ കരാർ, ശിരുവാണി പദ്ധതി എന്നിവയുമായി ബന്ധപ്പെട്ട് 28.04.2013-ൽ തിരുവനന്തപുരത്തു വച്ച് മന്ത്രിതല ചർച്ച നടക്കുകയുണ്ടായി. കേരളത്തിന്റെ ബഹു.ജലവിഭവ വകുപ്പുമന്ത്രിയും തമിഴ്നാടിന്റെ ബഹു.പൊതുമരാമത്ത് മന്ത്രിയും നേതൃത്വം നൽകിയ ചർച്ചയിൽ ഇരുസംസ്ഥാനങ്ങളിലെ സെക്രട്ടറിമാരും ഉന്നത ഉദ്യോഗസ്ഥരും, ഈ രംഗത്തെ സാങ്കേതിക വിദഗ്ദ്ധരും പങ്കെടുക്കുകയുണ്ടായി. പ്രസ്തുത ചർച്ചകളിൽ പങ്കെടുത്തവരുടെ പേരുവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) പ്രസ്തുത ചർച്ചകളിലെ അഭിപ്രായങ്ങളുടെയും, നിർദ്ദേശങ്ങളുടെയും സംഗ്രഹം ലഭ്യമാക്കുമോ? | (സി) | 28.04.2013-ലെ മന്ത്രിതല യോഗത്തിൽ പ്രധാനമായും പറമ്പിക്കുളം ആളിയാർ പദ്ധതി കരാർ (പി.എ.പി), ശിരുവാണി കുടിവെള്ള പദ്ധതി കരാർ, നെയ്യാർ, ചെമ്പകവല്ലി ആനികട്ടിന്റെ പുനരുദ്ധാരണം എന്നിവ ചർച്ച ചെയ്യപ്പെട്ടു. ചിറ്റൂർ പുഴ പ്രദേശത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ കാലവർഷം ശക്തി പ്രാപിക്കുന്നതുവരെ മണക്കടവ് വിയറിൽ 100 cusecs എന്ന തോതിൽ ജലം നൽകണമെന്ന് കേരളം തമിഴ്നാടിനോട് ഈ യോഗത്തിൽ ആവശ്യപ്പെട്ടു. കോയമ്പത്തൂർ പട്ടണത്തിലെ കുടിവെള്ള ആവശ്യങ്ങൾ നിറവേറ്റാൻ ശിരുവാണി ഡാമിൽ നിന്നും അധികജലം വിട്ടുനൽകണമെന്ന് തമിഴ്നാട് കേരളത്തോട് ഈ യോഗത്തിൽ അഭ്യർത്ഥിച്ചു. ഈ രണ്ട് കാര്യങ്ങളിൽ ഇരു സംസ്ഥാനങ്ങളും തമ്മിലുണ്ടായ ധാരണയനുസരിച്ച് ചിറ്റൂർ പുഴ പ്രദേശത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ കാലവർഷം ശക്തി പ്രാപിക്കുന്നതുവരെ മണക്കടവ് വിയറിൽ 100 cusecs എന്ന തോതിൽ ജലം വിട്ടുനൽകാൻ തമിഴ്നാടും ശിരുവാണി ഡാമിന്റെ dead storage-ൽ നിന്നും പരമാവധി 40 cusecs എന്ന തോതിൽ ജലം പമ്പു ചെയ്ത് |

കോയമ്പത്തൂർ പട്ടണത്തിന്റെ കുടിവെള്ള ആവശ്യങ്ങൾ നിറവേറ്റുന്നതിനായി വിട്ടുകൊടുക്കുവാൻ കേരളവും സമ്മതിച്ചു. പമ്പിംഗിനു വേണ്ട എല്ലാ ഒരുക്കങ്ങളും തമിഴ്നാട് സ്വന്തം ചെലവിൽ നടത്തും. പമ്പിംഗ് പ്രക്രിയ പരിസ്ഥിതിയ്ക്ക് കോട്ടം തട്ടുന്നില്ല എന്നുറപ്പു വരുത്തുവാൻ വേണ്ടി കേരളം ഇതിന്റെ മേൽനോട്ടം വഹിക്കുവാനും തീരുമാനിച്ചു. കൂടാതെ, പറമ്പിക്കുളത്ത് ലഭ്യമായ ജലം ചാലക്കുടിപ്പുഴ പ്രദേശത്ത് തുറന്നു വിടണമെന്ന കേരളത്തിന്റെ ആവശ്യം തമിഴ്നാട് നിരാകരിച്ചെങ്കിലും ജോയിന്റ് വാട്ടർ റെഗുലേഷൻ ബോർഡിന്റെ (JWRB) ഒരു യോഗം അടിയന്തിരമായി കൂടുന്നതിനും ഈ വിഷയം പ്രസ്തുത യോഗത്തിൽ ചർച്ച ചെയ്യുന്നതിനും തീരുമാനിച്ചു. 06.05.2013-ൽ പാലക്കാട് ചേർന്ന പ്രസ്തുത യോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 08.05.13 മുതൽ 14.05.13 വരെ 256.83 Mcft ജലവും തുടർന്ന് 17.05.13 മുതൽ 100 cusecs ജലവും തമിഴ്നാട് ഷോളയാറിൽ നിന്നും കേരള ഷോളയാറിലേക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഇതിനു പുറമെ 21.01.2011-ൽ ഇരു സംസ്ഥാനങ്ങളിലെയും ചീഫ് സെക്രട്ടറിമാരുടെ നേതൃത്വത്തിൽ നടന്ന കരാർ പുനരവലോകന ചർച്ചയിൽ ഉന്നയിക്കപ്പെട്ട ആനമലയാർ, മണക്കടവിനു മുകളിലായി തമിഴ്നാട് നിർദ്ദേശിച്ച ബാലൻസിംഗ് റിസർവോയർ, അപ്പർ നീരാറിൽ നിന്നും വർഷം മുഴുവൻ തമിഴ്നാടിന് ജലം ലഭ്യമാക്കാൻ, ഷോളയാർ ബേസിനിലെ അധിക ജലലഭ്യത കേരളവുമായി പങ്കുവയ്ക്കുന്നതു സംബന്ധിച്ച്, മണക്കടവ് വിയറിൽ കേരളത്തിന് അർഹതപ്പെട്ട ജലം കൂട്ടുന്നതു സംബന്ധിച്ച് പറമ്പിക്കുളം സബ് ബേസിനിലെ നിലവിലെ threshold കുറയ്ക്കുക എന്നത്, നീരാർ, നല്ലാർ സ്ട്രെയ്റ്റ് കട്ട് എന്നീ വിഷയങ്ങളും ഈ ചർച്ചയിൽ പരാമർശിക്കപ്പെട്ടു. കൂടാതെ

| | | |
|---|---|---|
| | | തമിഴ്നാട് നടത്തിയ കരാർ വ്യവസ്ഥാ ലംഘനങ്ങളും കേരളം ഈ ചർച്ചയിൽ ഉയർത്തിക്കാട്ടുകയുണ്ടായി. തുടർന്ന് പി.എ.പി കരാർ പുനരവലോകനവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളെപ്പറ്റി സമഗ്രമായി പഠിക്കാൻ ഇരു സംസ്ഥാനങ്ങളിലെ സാങ്കേതിക ഉദ്യോഗസ്ഥരടങ്ങിയ ഒരു കോർ ഗ്രൂപ്പ് ഉണ്ടാക്കാൻ ധാരണയായി. കൂടാതെ അടുത്ത കരാർ പുനരവലോകന ചർച്ച ചെന്നൈയിൽ വച്ചു നടത്താമെന്ന് തമിഴ്നാട് അറിയിക്കുകയുണ്ടായി.<br>കൂടാതെ തമിഴ്നാട്ടിലെ വിളവൻകോട് താലൂക്കിലെ കാർഷികാവശ്യങ്ങൾക്കായി 2004 വരെ കേരളം നെയ്യാറിൽ നിന്ന് ജലം നൽകിയിരുന്നത് പുന:സ്ഥാപിക്കണമെന്ന് തമിഴ്നാട് ആവശ്യപ്പെട്ടു. എന്നാൽ നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയും സമീപ പഞ്ചായത്തുകളും അടങ്ങുന്ന പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം രൂക്ഷമാണെന്നും അതിനാൽ ഈ പ്രദേശങ്ങൾക്ക് നൽകാനുള്ള ജലം പോലും നെയ്യാർ റിസർവോയറിൽ ഇല്ല എന്നതിനാൽ ഈ ആവശ്യം കേരളം നിരാകരിച്ചു.<br>ചെമ്പകവല്ലി ആനിക്കട്ട് 1800-കളിൽ ബ്രിട്ടീഷുകാർ നിർമ്മിച്ച ഒരു സ്ട്രക്ച്ചർ ആയിരുന്നുവെന്നും അത് പുനരുദ്ധരിക്കേണ്ട-താണെന്നുമുള്ള തമിഴ്നാടിന്റെ ആവശ്യത്തിൻ മേൽ നിലവിൽ അങ്ങനെ ഒരു സ്ട്രക്ച്ചർ ഇല്ലെന്നും ആയതിനാൽ അതിന്റെ പുനരുദ്ധാരണത്തെ സംബന്ധിച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ലെന്നും കേരളം അറിയിച്ചു. |

സെക്ഷൻ ഓഫീസർ

## LIST OF PARTICIPANTS

| Tamil Nadu | Kerala |
|---|---|
| Thiru K. V Ramalingam<br>Hon 'ble Minister, Public Works | Sri. P. J. Joseph<br>Hon 'ble Minister, Water Resources |
| Dr. M. Sai Kumar, I.A.S,<br>Secretary to Government,<br>Public Works Department. | Sri. V.J Kurian, I.A.S,<br>Additional Chief Secretary,<br>Water Resources Department |
| Thiru. K. Phanindra Reddy, I.A.S,<br>Secretary to Government, Municipal Administration &<br>Water Supply Department | Sri. C.P. Rama Raja Prema Prasad<br>Law Secretary |
| Thiru. P. Ekambaram, I.A.S,<br>Managing Director, Tamil Nadu Water Supply &<br>Drainage Board | Sri. M. Sivasankar, I.A.S<br>Power Secretary & Chairman, KSEB |
| Thiru. R. Subramanian,<br>Chairman, Cauvery Technical Cell cum Inter State<br>Water Wing | Principal Chief Conservator of Forests. |
| Thiru. K. Ranganathan,<br>Chief Engineer, Water Resources Department,<br>Coimbatore Region. | Sri. M.K. Madhavan Nair,<br>Chairman, ISW Advisory Committee. |
| Thiru. Nagarajan<br>Chief Engineer, Tamil Nadu Water Supply & Drainage<br>Board. | Sri. M.K. Parameswran Nair,<br>Chairman, Mullaperiyar Special Cell. |
| Thiru. K. Balasubramani<br>Executive Engineer, Special PA to Minister(PW) | Sri. V. Viswanathan Nair<br>Chief Engineer,<br>Civil Construction (South), KSEB |
| Thiru. Thirupaty<br>Superintending Engineer, PAP | Smt. P. Lathika,<br>Chief Engineer (Irrigation and<br>Administration & ISW) |
| Thiru. Sivakumar<br>Executive Engineer, PAP | Smt. C.K. Radhamoni<br>Chief Engineer, Projects - I |
| | Sri. B. Jayarm<br>Chief Engineer, Projects II |
| | Sri V K Mahanudevan<br>[illegible] I&D [illegible] |

| | |
|---|---|
| | Sri. K.P. Chandraprakash<br>Joint Secretary,<br>Water Resources Department |
| | Sri. S. Sreekumar<br>Chief Engineer,<br>Investigation & Planning, KSEB |
| | Sri, T. Sudhindran<br>Joint Director, JWR Division |
| | Smt. Leena George,<br>Joint Director, ISW |
| | Sri. P. Sudheer,<br>Deputy Director, J.W.R. Sub Division,<br>Aliyar. |

സെക്ഷൻ ഓഫീസർ